# Kerala RO heralds International year of Millet (IYOM)-2023

As part of celebrating International year of Millet (IYOM)-2023, a "State level Seminar on Relevance of Millets in promoting indigenous health practices" was conducted in Thiruvananthapuram with the support of NABARD. The event was inaugurated by Adv. G R Anil, Hon'ble Minister of Food and Civil Supplies, GoK. CGM, Kerala Regional Office, Dr. Gopa Kumaran Nair G, General Manager Shri. R Shankar Narayan attended the program which was attended by agri-entrepreneurs, millet farmers, FPOs and others who are engaged in Millet cultivation and value addition across the State. Technical sessions on scope of millet cultivation, health benefits of millets, value addition and marketing were held during the meeting.

Adv. G R Anil, Hon'ble Minister in his inaugural address highlighted the need for incorporating millets in the dietary habits in order to reduce the life style induced diseases. CGM has stressed upon the health benefits of Millets and the necessity of value addition and awareness to be imparted among the farmers to increase the area of cultivation of millets in the State. GM while addressing the gathering informed that NABARD plans to support series of programs in connection with declaration of International Year of Millet 2023 and called for spreading the benefits of millets for health as a mass movement.

Further, CGM released a booklet on "Health benefits of Millets" and felicitated farmers and agri-entrepreneurs engaged in the cultivation and promotion of Millets. Millet lunch was also arranged as part of seminar.

A few photographs capturing the occasion are appended below:




CGM addressing the participants in the seminar




CGM releasing handbook on Millet Cultivation and its health benefits




Book released on Health benefits of Millet by CGM




Felicitating agri entrepreneurs




Exhibition on Millets and Millets based products



Visiting Exhibition hall



Millet Lunch

കേരളകൗമുദി
Trivandrum 02 Jan 2023




*നബാർഡ്സഹകരണത്തോടെ ശാന്തിഗ്രാം, വൈദ്യമഹാസഭ, കപില ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച ലോക മില്ലറ്റ് വർഷാചരണം 2023 സംസ്ഥാന കാമ്പെയിൻ മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്യുന്നു*

## റാഗിയും മില്ലറ്റും ശീലമാക്കണം: മന്ത്രി അനിൽ

തിരുവനന്തപുരം: ഗോതമ്പിനു പകരം റാഗിയും പയർ വർഗങ്ങളും ശീലിക്കണമെന്ന് മന്ത്രി ജി. ആർ. അനിൽ. നബാർഡ് സഹായത്തോടെ ശാന്തിഗ്രാം, വൈദ്യമഹാസഭ, കപില ഫൗണ്ടേഷൻ, ഹെൽപ്പിംഗ് ഹാർഡ്സ് തുടങ്ങിയവയുടെ നേതൃത്വത്തിൽ ആരംഭിച്ച ചെറുമണി ധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷം 2023 സംസ്ഥാനതല കാമ്പെയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിലെ ഭക്ഷണരീതിയിൽ മാറ്റം വരുത്താതെ മുന്നോട്ടു പോകാൻ ആകില്ല. അരിയും ഗോതമ്പും മുഖ്യ ഭക്ഷണമായി ശീലിച്ചതിനാൽ ജീവിതശൈലി രോഗങ്ങൾ വളരെ കൂടുതലാണ് - മന്ത്രി പറഞ്ഞു.

നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി.ഗോപകുമാരൻ നായർ, രോഗ പ്രതിരോധത്തിനും സമഗ്ര ആരോഗ്യത്തിനും ചെറുമണി ധാന്യങ്ങൾ എന്ന കൈപ്പുസ്തകം ഭക്ഷ്യമന്ത്രിക്ക് നൽകി പ്രകാശിപ്പിച്ചു. വൈദ്യമഹാസഭ ചെയർമാൻ മാന്നാർ ജി. രാധാകൃഷ്ണൻ വൈദ്യർ അദ്ധ്യക്ഷത വഹിച്ചു. പി.കെ. ലാൽ, ഡോ.സി.വി. ജയമണി, അഡ്വ. പൂഞ്ചക്കരി രവീന്ദ്രൻ നായർ, നൗഷാദ് വൈദ്യർ, അഡ്വ.കെ.ജി.മുരളീധരൻ ഉണ്ണിത്താൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് മില്ലറ്റ് പ്രചാരകരെയും സംരംഭകരെയും പൊന്നാടയണിയിച്ച് ആദരിച്ചു.

ഉച്ചക്ക് നടന്ന ചെറുമണിധാന്യ വിരുന്നിൽ അഡ്വ. എം.വിൻസെന്റ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് അംഗം ഭഗത് റൂഫസ്, കൗൺസിലർ പി. പത്മകുമാർ, ജനപ്രതിനിധികൾ, മാധ്യമ പ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനാ പ്രവർത്തകരും പങ്കെടുത്തു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Trivandrum

## ഗോതമ്പിനു പകരം ചെറു ധാന്യങ്ങൾ ശീലിക്കണം : മന്ത്രി ജി. ആർ. അനിൽ

തിരുവനന്തപുരം: ഗോതമ്പിനു പകരം റാഗിയും പയർ വർഗങ്ങളും മറ്റു ചെറുധാന്യങ്ങളും ശീലിക്കണമെന്ന് മന്ത്രി ജി. ആർ. അനിൽ. പെരുന്താന്നി മിത്രാനികേതൻ സിറ്റി സെന്ററിൽ നടത്തിയ ചടങ്ങിൽ നബാർഡ് സഹായത്തോടെ ശാന്തിഗ്രാം, വൈദ്യമഹാസഭ, കപില ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ആരംഭിച്ച ചെറുമണി ധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.




പെരുന്താന്നി മിത്രാനികേതൻ സിറ്റി സെന്ററിൽ നബാർഡ് സഹായത്തോടെ ശാന്തിഗ്രാം, വൈദ്യമഹാസഭ, കപില ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ആരംഭിച്ച ചെറുമണി ധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷാചരണത്തിന്റെ സംസ്ഥാനതല കാമ്പയിനായി തയാറാക്കിയ കൈപ്പുസ്തക പ്രകാശനം മന്ത്രി ജി.ആർ. അനിലിന് നൽകി നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. എം.ജി. ഗോപകുമാർ പ്രകാശനം ചെയ്യുന്നു.

നെൽകൃഷി കുറവായതിനാൽ കേന്ദ്ര സർക്കാർ നൽകുന്ന അരിയെ ആശ്രയിച്ചാണ് റേഷൻ വിതരണം നടത്തുന്നത്. അരി കുറച്ചിട്ട് റാഗി, ചെറുപയർ എന്നിവ നൽകാനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതായി മന്ത്രി പറഞ്ഞു.

നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി. ഗോപകുമാരൻ നായർ, ജനറൽ മാനേജർ ആർ. ശങ്കർനാരായണൻ, ജില്ലാ മാനേജർ മിനു അൻവർ എന്നിവർ നബാർഡ് പദ്ധതികൾ വിശദീകരിച്ചു. വൈദ്യമഹാസഭ ചെയർമാൻ മാന്നാർ ജി. രാധാകൃഷ്ണൻ വൈദ്യർ അധ്യക്ഷത വഹിച്ചു. പി.കെ. ലാൽ, ഡോ. സി.വി. ജയമണി, പൂഞ്ചക്കരി രവീന്ദ്രൻ നായർ, നൗഷാദ് വൈദ്യർ, കെ.ജി. മുരളീധരൻ ഉണ്ണിത്താൻ എന്നിവർ പ്രസംഗിച്ചു.

സെമിനാറിൽ വൈ.എസ്. ജയകുമാർ മോഡറേറ്ററായിരുന്നു. ഡോ. ജേക്കബ് പുളിക്കൻ, ഡോ. എ.എസ്. അനിൽകുമാർ, വി.സി. വിജയൻ, ഡോ. ബിന്ദു ഗൗരി, എം.ഐ. മാത്യൂസ് വൈദ്യർ, ഡോ. കെ.എ. ഫിറോസ് ഖാൻ, ജി. പ്ലാസിഡ് എന്നിവർ വിഷയാവതരണം നടത്തി.

ചെറുമണിധാന്യ സദ്യയിൽ എം. വിൻസന്റ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് അംഗം ഭഗത് റൂഫസ്, കൗൺസിലർ പി. പത്മകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഗോതമ്പിനു പകരം ചെറുധാന്യങ്ങൾ ശീലിക്കണം: മന്ത്രി ജി ആർ അനിൽ

തിരുവനന്തപുരം: ഗോതമ്പിനു പകരം റാഗിയും പയറുവർഗങ്ങളും മറ്റു ചെറുധാന്യങ്ങളും ശീലിക്കണമെന്ന് മന്ത്രി ജി ആർ അനിൽ. പെരുന്താന്നി മിത്രാനികേതൻ സിറ്റി സെന്ററിൽ നടന്ന ചടങ്ങിൽ നബാർഡ് സഹായത്തോടെ ശാന്തിഗ്രാം, വൈദ്യമഹാസഭ, കപില ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ ആരംഭിച്ച ചെറുമണി ധാന്യങ്ങളുടെ അന്താരാഷ്ട്ര വർഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ ഭക്ഷണരീതിയിൽ മാറ്റം വരുത്താതെ മുന്നോട്ടു പോകാനാകില്ല. അരിയും ഗോതമ്പും മുഖ്യഭക്ഷണമായി ശീലിച്ചതിനാൽ ഉണ്ടാകുന്ന ജീവിതശൈലീ രോഗങ്ങൾ വളരെ കൂടുതലാണ്. അരിക്ക് പകരം ചെറുമണി ധാന്യങ്ങൾ ഉൾപ്പെടുത്തണം. നാണ്യവിള കൃഷിയിലാണ് സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നെൽകൃഷി കുറവായതിനാൽ കേന്ദ്ര സർക്കാർ നൽകുന്ന അരിയെ ആശ്രയിച്ചാണ് റേഷൻ വിതരണം നടത്തുന്നത്. അരി കുറച്ചിട്ട് റാഗി, ചെറുപയർ എന്നിവ നൽകാനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതായി മന്ത്രി പറഞ്ഞു.

നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി ഗോപകുമാരൻ നായർ, ജനറൽ മാനേജർ ആർ ശങ്കർനാരായണൻ, ജില്ലാ മാനേജർ മിനു അൻവർ എന്നിവർ നബാർഡ് പദ്ധതികൾ വിശദീകരിച്ചു. വൈദ്യമഹാസഭ ചെയർമാൻ മാന്നാർ ജി രാധാകൃഷ്ണൻ വൈദ്യർ അധ്യക്ഷത വഹിച്ചു.

പി കെ ലാൽ, ഡോ. സി വി ജയമണി, പൂഞ്ചക്കരി രവീന്ദ്രൻ നായർ, നൗഷാദ് വൈദ്യർ, കെ ജി മുരളീധരൻ ഉണ്ണിത്താൻ എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ വൈ എസ് ജയകുമാർ മോഡറേറ്ററായിരുന്നു. ഡോ. ജേക്കബ് പുളിക്കൻ, ഡോ. എ എസ് അനിൽകുമാർ, വി സി വിജയൻ, ഡോ. ബിന്ദു ഗൗരി, എം ഐ മാത്യൂസ് വൈദ്യർ, ഡോ. കെ എ ഫിറോസ് ഖാൻ, ജി പ്ലാസിഡ് എന്നിവർ വിഷയാവതരണം നടത്തി.

Newspaper coverage